(ബി) പ്രകൃതിക്ഷോഭ ദുരിത നിവാരണ പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലകളിൽ ഡിസാസ്റ്റർ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കുകയും, മുൻകാല അനുഭവങ്ങളുടെ വെളിച്ചത്തിൽ, ജില്ലാ താലൂക്ക് തലങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ യോഗം കൂടുകയും ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്, ജില്ലാ താലൂക്ക് തലങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾറൂം ആരംഭിക്കുകയും, കടലാക്രമണവും, പ്രകൃതിക്ഷോഭവുംമൂലം ദുരിതമനുഭവിക്കുന്ന ജനങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിനും അതിനുള്ള ആശ്വാസ കേന്ദ്രങ്ങൾ തുറക്കുന്നതിനും, പ്രളയക്കെടുതിമൂലം ദുരിതമനുഭവിക്കുന്നവർക്ക് സൗജന്യറേഷൻ അനുവദിക്കുന്നതിനും ഓരോ ജില്ലയിലും നടപടികൾ ആരംഭിച്ചിട്ടുണ്ട്.

വനഭൂമി കൈവശക്കാർക്ക് പട്ടയം നൽകാൻ നടപടി

20 (*400) ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-1-1977-ന് മുമ്പ് വനഭൂമി കൈവശം വച്ച്വരുന്നവരും വനം റവന്യൂ വകുപ്പുകൾ നടത്തിയ ജോയിന്റ് വെരിഫിക്കേഷനിൽ കൈവശം അംഗീകരിക്കപ്പെട്ടതുമായ കേസുകളിൽ കൈവശക്കാരുടെ ഭൂമിക്ക് പട്ടയം നൽകണമെന്ന സർക്കാർ ഉത്തരവിന് ഇപ്പോഴും നിയമപ്രാബല്യമുണ്ടോ ;

(ബി) 1-1-1977-ന് മുമ്പ് മുതൽ വനഭൂമി കൈവശം വച്ചിരുന്നതായി ജോയിന്റ് വെരിഫിക്കേഷനിൽ അംഗീകരിക്കപ്പെട്ട എല്ലാ കൈവശക്കാർക്കും പട്ടയം നല്കി കഴിഞ്ഞുവോ ;

(സി) ഇല്ലെങ്കിൽ ഇപ്രകാരം എത്രപേർക്ക് കൂടി പട്ടയം നൽകാൻ ഉണ്ടെന്ന് പറയുമോ ;

(ഡി) അവർക്ക് താമസംവിനാ പട്ടയം നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) 1-1-1977-ന് മുമ്പ് വനഭൂമി കൈവശം വച്ചുവരുന്നവർക്ക് ഭൂമി പതിച്ചു നൽകുന്നത് സംബന്ധിച്ച് 1993-ലെ 1-1-1977-ന് മുമ്പുള്ള വനഭൂമി കയ്യേറ്റം ക്രമീകരിക്കൽ പ്രത്യേക ചട്ടങ്ങൾക്ക് ഇപ്പോഴും നിയമപ്രാബല്യമുണ്ട്.

(ബി) എല്ലാ കൈവശക്കാർക്കും പട്ടയം നല്കിയിട്ടില്ല.

(സി) അർഹരായ 8092 പേർക്ക് കൂടി ഇനിയും പട്ടയം നല്കാനുണ്ട്.

(ഡി) പട്ടയവിതരണ നടപടികൾ ത്വരിതഗതിയിൽ നടന്നുവരികയാണ്. അവശേഷിക്കുന്ന അർഹരായ എല്ലാ അപേക്ഷകർക്കും അടിയന്തിരമായി പട്ടയം വിതരണം നടത്തണമെന്ന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly